**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് കൂടുതൽ അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പരിപാടികളുടെ ഭാഗമായി സെക്കണ്ടറി വിദ്യാഭ്യാസ വിജയശതമാനം മെച്ചപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മെച്ചപ്പെട്ടിട്ടുണ്ട്. ഈ വർഷം 99.93% ആണ് എസ്.എസ്.എൽ.സി വിജയശതമാനം. മുൻവർഷങ്ങളെക്കാൾ വിജയശതമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | വിജയശതമാനത്തിനനുസൃതമായി സീറ്റ് ഇല്ലാത്തതിനാൽ ചിലയിടങ്ങളിൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിജയശതമാനം കൂടുതൽ ആണെങ്കിലും വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം മുൻ വർഷത്തിനേക്കാൾ കുറവാണ്. 2022 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷാ വിജയശതമാനം 99.87 ഉം വിജയിച്ച കുട്ടികളുടെ എണ്ണം 4,25,928 ആണ്. എന്നാൽ 2023 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷ വിജയശതമാനം 99.93 ഉം വിജയിച്ച കുട്ടികളുടെ എണ്ണം 4,18,827 മാത്രമാണ്. എന്നിരുന്നാലും വിജയശതമാനത്തിന് അനുസൃതമായി സർക്കാർ സ്ഥിതി വിലയിരുത്തി അധിക ബാച്ചുകൾ അനുവദിക്കുകയും മാർജിനൽ സീറ്റ് വർദ്ധനവും ബാച്ച് ഷിഫ്റ്റിംഗും നടപ്പിലാക്കിയിട്ടുണ്ട്.<br><br>പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് 33030 സീറ്റുകൾ ലഭ്യമാണ്. (മെറിറ്റ് സീറ്റ് 30660, മാനേജ്മെന്റ് സീറ്റ് 2370). ഈ വർഷം ഇതുവരെ മെറിറ്റ് സീറ്റിൽ 26619 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. വിവിധ സ്കൂളുകളിലായി മെറിറ്റിൽ 4041 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ അടിയന്തര പരിഹാരം കണ്ടെത്തുന്നതിന് ഹയർസെക്കണ്ടറി ബാച്ചുകളുടെ പുനർവിന്യാസം, അധികബാച്ചുകളും സീറ്റുകളും അനുവദിക്കൽ തുടങ്ങിയ ആവശ്യങ്ങളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | പ്ലസ് വൺ പ്രവേശന നടപടികൾ ആരംഭിക്കുന്നതിനു മുൻപായി 2022-23 അധ്യയന വർഷം അനുവദിച്ചിരുന്ന 81 താൽക്കാലിക ബാച്ചുകൾ തുടരുന്നതിനും തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സർക്കാർ സ്കൂളുകളിൽ |

| | | | |
|---|---|---|---|
| | | | 30% മാർജിനൽ സീറ്റ് വർദ്ധനവും എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ സീറ്റ് വർദ്ധനവിന് പുറമെ ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് 10% കൂടി മാർജിനൽ സീറ്റ് വർദ്ധനവും ഏർപ്പെടുത്തി. കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവും നൽകിയിട്ടുണ്ട്. ഇതിനു പുറമെ മതിയായ കുട്ടികൾ ഇല്ലാതിരുന്ന 14 ബാച്ചുകൾ മലപ്പുറം ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്യുകയുണ്ടായി. മുഖ്യ ഘട്ട അലോട്ട്മെൻറും ഒന്നാം സപ്ലിമെന്ററി അലോട്ട്മെൻറും പൂർത്തീകരിച്ച ശേഷം മലബാർ മേഖലയിലെ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ താലൂക്ക് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കാത്ത അപേക്ഷകരുടെ വിഷയം/ കോമ്പിനേഷൻ പരിഗണിച്ച് 97 താൽക്കാലിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പത്താം ക്ലാസ് പാസാകുന്ന ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്കെല്ലാം ഹയർ സെക്കണ്ടറി പഠനം ഉറപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്കൂളിലെ പ്രഥമാദ്ധ്യാപകർ മുഖേന ഏകജാലക സംവിധാനത്തിൽ മുഖ്യ ഘട്ടത്തിൽ തന്നെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. മുൻ വർഷങ്ങളിൽ എന്ന പോലെ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൗകര്യ പ്രദമായ സ്കൂളുകളിൽ അധികസീറ്റ് സൃഷ്ടിച്ച് പ്രവേശനം ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ജില്ല** | **ഒഴിവുകളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 502 |
| കൊല്ലം | 570 |
| ആലപ്പുഴ | 140 |
| പത്തനംതിട്ട | 545 |
| കോട്ടയം | 371 |
| ഇടുക്കി | 294 |
| എറണാകുളം | 406 |
| തൃശ്ശൂർ | 422 |
| പാലക്കാട് | 143 |
| മലപ്പുറം | 13 |
| കോഴിക്കോട് | 9 |
| വയനാട് | 78 |
| കണ്ണൂർ | 300 |
| കാസർഗോഡ് | 248 |
| **ആകെ** | **4041** |